പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3631 — 30.01.2014 ൽ മറുപടിക്ക്

## കുട്ടികൾക്കെതിരായ അതിക്രമങ്ങൾ

| ചോദ്യം<br>ശ്രീ. കെ. ദാസൻ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
|---|---|
| (എ) സംസ്ഥാനത്ത് കൊച്ചുകുട്ടികളെ കാണാതാവുന്നതും കുട്ടികളെ പീഡിപ്പിക്കുന്നതുമായ സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ ഇത്തരം സംഭവങ്ങൾ എത്രയെണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നത് വിശദമായി വ്യക്തമാക്കാമോ; | (ബി) കൊച്ചുകുട്ടികളെ (12 വയസ്സിനുതാഴെ) കാണാതാവുന്നതുമായി ബന്ധപ്പെട്ട് 694 കേസ്സുകളും കുട്ടികളെ പീഡിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 2066 കേസുകളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള നടപടികൾ എന്തെല്ലാം; | (സി) നിലവിലുള്ള നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതികൾക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സ്കൂളുകൾ കേന്ദ്രീകരിച്ച് സ്റ്റുഡന്റ് പോലീസ് കേഡറ്റ് രൂപീകരിച്ചും ചൈൽഡ് ഹെൽപ് ലൈനുകൾ സ്ഥാപിച്ചും ജുവനൈൽ ജസ്റ്റിസ് ആക്ട് അനുസരിച്ചുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയും, വനിതാ സി.ഐ.മാരുടെ ചുമതലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാസെല്ലുകൾ/ഹെൽപ് ലൈനുകൾ രൂപീകരിച്ചും എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാഹെൽപ് ഡെസ്കുകൾ സ്ഥാപിച്ചും ഇത്തരം അതിക്രമങ്ങൾ തടയുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നു. കൂടാതെ സ്കൂൾ, കോളേജ് പരിസരത്തും മറ്റും ശക്തമായ പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തിയും ജനമൈത്രി പോലീസിന്റെ ഭാഗമായി, റസിഡന്റ്സ് അസോസിയേഷനുകൾ മുഖാന്തിരം കുട്ടികൾക്കും മാതാപിതാക്കൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും, സെമിനാറുകൾ നടത്തിയും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കുവാൻ ശക്തമായ നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്. |

| | |
|---|---|
| (ഡി) പോലീസിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ എത്രയെണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി കുറ്റവാളികളെ കണ്ടെത്തി എന്നത് വ്യക്തമാക്കാമോ? | (ഡി) 30265 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റവാളികളെ കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ